# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി/പി 3/343/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി/പി 3/343/2023 തീയ്യതി: 23/03/2023

## കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 04-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ.പി രത്നസിംഗ് | ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 10-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 10-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ.ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീമതി.ജിഷ സാമുവൽ.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.എൻ. രാജീവൻ.സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അബ്ദുൾനസീർ.സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജാസിർ സി.എം.സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.വിജേഷ് കെ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാബു.കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ വാസു.എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ആലിക്കുട്ടി.വി.കെ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ഗ്രീഷ്മപ്രിയ | മെഡിക്കൽ ഓഫീസർ( പി.എച്.സി) | 01-04-2021 | 31-03-2022 |
| ശ്രീ.സജിത്ത് വി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.ജയാന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 05-11-2021 |
| ഡോ.നിധിൻ ദേവ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 06-11-2021 | 31-03-2022 |
| ശ്രീമതി റീജ പി | ഹെഡ് മിസ്സ്സ് | 01-04-2021 | 31-03-2022 |
| ശ്രീ സന്തോഷ് സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി മുഫീദ നീതു എൻ.കെ | കൃഷി ഓഫീസർ | 01-04-2021 | 26-10-2021 |
| ശ്രീമതി അമിത ഗോപാൽ | കൃഷി ഓഫീസർ | 27-10-2021 | 31-03-2022 |
| ശ്രീമതി.ജ്ഞമി കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 06-10-2021 |
| ശ്രീമതി രമ്യ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-10-2021 | 23-11-2021 |
| ശ്രീമതി രഞ്ജു | അസിസ്റ്റന്റ് എഞ്ചിനീയർ | 24-11-2021 | 31-03-2022 |
| ശ്രീ വിജയൻ കെ.കെ | വി.ഇ.ഒ | 01-04-2021 | 31-10-2021 |
| ശ്രീമതി റിജിന | വി.ഇ.ഒ | 01-11-2021 | 31-03-2022 |
| ശ്രീ നിസാർ യു.പി | വി.ഇ.ഒ | 01-04-2021 | 31-03-2022 |

..

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് -തയ്യാറാക്കുന്നതിലും പാലിക്കുന്നതിലുമുള്ള അപാകതകൾ തുടരുന്നു | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ | 1-4-1 |
| 7 | തനത് വരുമാന വർദ്ധനവ്- റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ല | 1-5 |
| 8 | ഭരണസമിതി യോഗ മിനിട്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല | 1-6 |
| 9 | റിപ്പോർട്ടുകൾ പരിഗണിക്കപ്പെടുന്നില്ല | 1-7 |
| 10 | സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. | 1-8 |
| 11 | വസ്തു നികുതി-അപാകതകൾ | 1-9 |
| 12 | സംരംഭക ലൈസൻസ് -മുൻവർഷങ്ങളിലെ അപാകതകൾ ആവർത്തിക്കുന്നു. | 1-10 |
| 13 | തൊഴിൽ നികുതി അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല | 1-11 |
| 14 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല. | 1-12 |
| 15 | തൻവർഷ പദ്ധതി ചെലവിൽ പകുതിയോളം സ്പിൽഓവർ പദ്ധതികൾക്ക് | 1-13 |
| 16 | പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 1-14 |
| 17 | അഞ്ചു വർഷമായിട്ടും അങ്കണവാടി നിർമ്മാണം പൂർത്തിയായില്ല – ബിൽ തുകയിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-15 |
| 18 | പൊതുമരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ/രൂപീകരണ /നിർവ്വഹണത്തിലെ അപാകതകൾ | 1-16 |
| 19 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിച്ചില്ല | 1-17 |
| 20 | റിജക്റ്റഡ് മാലിന്യം കൈയ്യൊഴിയുന്നതിന് തുക വിനിയോഗിച്ചത് സംബന്ധിച്ച് | 1-18 |
| 21 | ആടുവളർത്തൽ പദ്ധതിക്ക് ബേങ്കിലേക്ക് കൈമാറിയ സബ്സിഡി തുക മുഴുവൻ വിതരണം ചെയതു എന്ന് ഉറപ്പു വരുത്തിയില്ല | 1-19 |
| 22 | അങ്കണവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നെസ് ഉറപ്പുവരുത്തിയില്ല | 1-20 |
| 23 | കൃഷി ഓഫീസിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - പ്രൈസ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-21 |

| | | |
|---|---|---|
| 24 | ദുരന്ത നിവാരണ സേനയ്ക്ക് സാധനങ്ങൾ വാങ്ങൽ - അപാകതകൾ | 1-22 |
| 25 | ബേങ്കുകളുടെ അനാസ്ഥ – സ്വയം തൊഴിൽ സംരംഭം ആരംഭിച്ച ഗ്രൂപ്പുകൾ പ്രതിസന്ധിയിൽ | 1-23 |
| 26 | സ്ട്രീറ്റ് മെയിൻ മീറ്റർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തിയാക്കിയില്ല. | 1-24 |
| 27 | വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല | 1-25 |
| 28 | ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ | 1-26 |
| 29 | മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല. | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് -തയ്യാറാക്കുന്നതിലും പാലിക്കുന്നതിലുമുള്ള അപാകതകൾ തുടരുന്നു

സ്ഥാപനത്തിന്റെ ബജറ്റ് 20.2.21 ൽ ചേർന്ന ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിലും പരിപാലിക്കുന്നതിലും മുൻ വർഷങ്ങളിൽ റിപ്പോർട്ട് ചെയ്ത ചില അപാകതകൾ ഓഡിറ്റ് വർഷവും തുടർന്നതായി ബജറ്റ് ഉൾപ്പെടെയുള്ള രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) തനത് ഫണ്ട് പ്രൊവിഷൻ വാർഷിക പദ്ധതിയുമായി പൊരുത്തപ്പെടുന്നില്ല

ബജറ്റിൽ വാർഷിക പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 349476/- രൂപയാണ് വകയിരുത്തിയത്. എന്നാൽ സ്ഥാപനത്തിന്റെ അന്തിമ പദ്ധതിരേഖ പരിശോധിച്ചതിൽ 700000/- രൂപ വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും വകയിരുത്തി കാണുന്നു. അതായത് ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ 350524/- രൂപ കൂടിയ തുകയാണ് വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയെന്ന് കാണാം. ബജറ്റിൽ കണ്ടെത്താൻ കഴിയാത്ത തുക എപ്രകാരം പദ്ധതിക്ക് വകയിരുത്താൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കേണ്ടതാണ്.

വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ കൂടുതൽ ഗുരുതരമായ അവസ്ഥ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വർഷാവസാനമാകുമ്പോഴേക്കും വാർഷിക പദ്ധതിക്കുള്ള തനത് ഫണ്ട് വകയിരുത്തൽ 4566292/-രൂപയായെങ്കിലും പുതുക്കിയ ബജറ്റിൽ യാതൊരു പ്രൊവിഷനും തനത്ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടില്ല. 1991846/-രൂപ തനത് ഫണ്ടിൽ നിന്നും പദ്ധതിക്ക് ചെലവഴിച്ചിരിക്കയാൽ ഇത്രയും തുകയുടെ ചെലവ് ബജറ്റ് പ്രൊവിഷനില്ലാതെയാണെന്ന് കാണാം.

2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ അപാകത പ്രതിപാദിച്ചതിന് സ്ഥാപനം നല്കിയ മറുപടിയിൽ തുടർവർഷങ്ങളിൽ അപാകത ഒഴിവാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. 3/2022 നടന്ന ഓഡിറ്റിന് ശേഷം മാസങ്ങൾ കഴിഞ്ഞാണ് ഓഡിറ്റ് വർഷത്തെ ബജറ്റ് പുതുക്കിയതെന്നിരിക്കെ(2/23 ൽ) മേൽ മറുപടി വസ്തുതാപരമല്ലെന്ന് കാണാം. സ്റ്റാന്റിംഗ് കമ്മിറ്റിയുൾപ്പെടെ റിപ്പോർട്ട് പരിഗണിക്കാത്തതിനാൽ സ്ഥാപനത്തിന്റെ ബജറ്റ് സിസ്റ്റത്തിൽ മാറ്റം വരുത്താതെ സെക്ഷൻ ലഭ്യമാക്കിയതാണ് മറുപടിയെന്ന് കാണാവുന്നതാണ്.

പ്രൊവിഷനില്ലാതെ വായ്പാ തിരിച്ചടവ് നടത്തി

വായ്പ തിരിച്ചടവ് ഹെഡ്ഡിൽ ഓഡിറ്റ് വർഷം യാതൊരു പ്രൊവിഷനുമുണ്ടായിരുന്നില്ല. എന്നാൽ 1833330/- രൂപ ഈ ഇനത്തിൽ ഒടുക്കിയിട്ടുണ്ട്. വായ്പാ തിരിച്ചടവ് ഉള്ള കാര്യം സ്ഥാപനത്തിന് ബോധ്യമുണ്ടായിരിക്കെ ബജറ്റിൽ പ്രൊവിഷൻ നല്കാത്തത് ബജറ്റ് തയ്യാറാക്കുന്നതിലെ അലംഭാവം വ്യക്തമാക്കുന്നുണ്ട്. ബജറ്റ് പുതുക്കിയപ്പോൾ 1862666/- രൂപയുടെ പ്രൊവിഷൻ വന്നെങ്കിലും വായ്പയെടുക്കുന്നതിനായി അതേ തുകയുടെ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ യാതൊരു തുകയും വായ്പയായി ഓഡിറ്റ് വർഷത്തിൽ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

വാർഷിക പദ്ധതി അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തമില്ല

ബജറ്റ് പ്രകാരം പ്ലാൻ, മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ ആകെ 53593000/-രൂപ വരുമാനം പ്രതീക്ഷിക്കുകയും അത്രയും തുക തന്നെ ചെലവഴിക്കുന്നതിന് B9, B12 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിഭാവനം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ സ്ഥാപനം അംഗീകരിച്ച ആദ്യ വാർഷിക പദ്ധതിയിൽ ഈ ഇനങ്ങളിൽ 43247350/-രൂപ വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ബജറ്റിലെ B9, B12 എന്നീ ഷെഡ്യൂളുകൾ പ്രകാരമുള്ള ആകെ പദ്ധതി ചെലവ് 25.43 കോടി രൂപയാണെങ്കിലും വാർഷിക പദ്ധതിയുടേയും എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാനിന്റേയും ആകെ തുക 20.98 കോടി രൂപ മാത്രമാണുള്ളത്.

എല്ലാ ബജറ്റു രേഖകളും തയ്യാറാക്കിയിട്ടില്ല

ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നീ പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റിന്റെ ഭാഗമായി തയ്യാറാക്കിയിട്ടില്ല. മുൻ റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിച്ചതിന്, തുടർ വർഷങ്ങളിൽ പരിഹരിക്കുമെന്ന് മറുപടി നല്കിയെങ്കിലും അപാകത തുടർന്നതായി കാണാം.

ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ബജറ്റിന്റെ ഉത്തരവാദിത്തമുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും സെക്രട്ടറി അക്കൗണ്ടന്റ് എന്നിവരും അപാകതകൾ പരിശോധിക്കേണ്ടതും തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കാനുള്ള സംവിധാനം സ്ഥാപനത്തിൽ ഒരുക്കേണ്ടതുമാണ്. കുറ്റമറ്റ തരത്തിൽ ബജറ്റ് തയ്യാറാക്കി പകർപ്പ് ഓഡിറ്റിന് സമർപ്പിച്ച് പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 11.05.2021 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക് 2021-22 പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) വാർഷിക കണക്ക് B-12 പ്രകാരം ഇക്വിറ്റി ഷെയേഴ്സ് ഇനത്തിൽ 282975/-രൂപയും ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ 2578178/-രൂപയും ഇൻവെസ്റ്റ്മെന്റ് ഉണ്ട്. എന്നാൽ ഇത് ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) B-5 പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലൈഫ് ലോൺ ഇനത്തിൽ 20492000/-രൂപ ലോൺ കുടിശ്ശികയുണ്ട്. എന്നാൽ ലോൺ തിരിച്ചടവ്, കുടിശ്ശിക എന്നിവ സാക്ഷ്യപ്പെടുത്തി രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3)a) B-7പ്രകാരം Contractors Rention ഇനത്തിൽ 209394/-രൂപ ഡെപ്പോസിറ്റ് നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ Contractors Rention തുകകൾ കൂട്ടിയാൽ നീക്കിയിരിപ്പ് കിട്ടുന്നത് മുന്നിരിപ്പ് ഉൾപ്പെടെ 278499/-രൂപയാണ്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

B) B-7പ്രകാരം Bidders EMD ഇനത്തിൽ 247562/-രൂപ ഡെപ്പോസിറ്റ് നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ Bidders EMD തുകകൾ കൂട്ടിയാൽ നീക്കിയിരിപ്പ് കിട്ടുന്നത് മുന്നിരിപ്പ് ഉൾപ്പെടെ 329460/-രൂപയാണ്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

4) വാർഷിക കണക്കിലെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ചെലവഴിയ്ക്കാൻ ബാക്കിയുള്ളതായി 358,582/-രൂപയുണ്ട്. എന്നാൽ B17- സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ട്രഷറി ജോയിന്റ് അക്കൗണ്ടിൽ നീക്കിയിരിപ്പായി 3,79,038/- രൂപ കാണുന്നു.

5) വസ്തുനികുതി ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ കറന്റ് കലക്ഷൻ 2,268,146/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് RP-43 പ്രകാരം കറന്റ് കലക്ഷൻ 2,265,924/-രൂപയാണ്. വ്യത്യാസം 2222/- രൂപ

6) സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫഷൻ ടാക്സ് രജിസ്റ്റർ പ്രകാരവും ഇൻകം &എക്സ്പെന്റീച്ചർ പ്രകാരവും 172980/- രൂപയാണ് ആകെ ഡിമാന്റും കലക്ഷനും. എന്നാൽ ബാലൻസ് ഷീറ്റ് B-15 Sundry Debtors (Receivables) എന്ന ഹെഡിൽ ഈ ഇനത്തിൽ 22690/-രൂപ കുടിശ്ശികയായി കാണുന്നു. 1996-97 മുതൽ 1998-99 വരെയുള്ള കാലത്തെ കുടിശ്ശികയാണ് ഈ തുക

എന്ന് സെക്രട്ടറി രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. അതിനാൽ ഡിമാന്റ്/കലക്ഷൻ/ നീക്കിയിരിപ്പ് കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

7) പഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം കുടിശ്ശികയില്ല. എന്നാൽ ബാലൻസ് ഷീറ്റ് B-15 Sundry Debtors (Receivables) എന്ന ഹെഡിൽ വാടകയിനത്തിൽ 83457.5/-രൂപ കുടിശ്ശികയായി കാണുന്നു. അതിനാൽ ഡിമാന്റ്/കലക്ഷൻ/നീക്കിയിരിപ്പ് കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

8) വാർഷിക കണക്ക് B-7 പ്രകാരം ഡെപ്പോസിറ്റ് നീക്കിയിരിപ്പ് 825848/-രൂപയുണ്ട്. എന്നാൽ ഡെപ്പോസിറ്റ് ഹെഡിൽ 2021-22 വർഷ ഓപ്പണിംഗ് ബാലൻസ് ആയി കാണിച്ചിരിക്കുന്ന തുകകൾ ഏതൊക്കെ കാലയളവിൽ ആരിൽ നിന്നും ഏത് ആവശ്യത്തിലേയ്ക്കായി ഡെപ്പോസിറ്റ് സ്വീകരിച്ചതാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇതിനാൽ ഡെപ്പോസിറ്റ് കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9) അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

10) എല്ലാ മാസവും ബാങ്ക് റീക്കൺസിലിയേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

11) ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് വെച്ചിട്ടില്ല.

12) വസ്തുനികുതി ഇ-പെയ്മെന്റ് സംവിധാനം ഉപയോഗിച്ച് നികുതി അടവാക്കുന്ന മുഴുവൻ നികുതികളും യഥാസമയം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആവുന്നില്ല.

13) B-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം 58673/-രൂപയാണ്. എന്നാൽ ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല.

14) ടെണ്ടർ ഫോം ഇനത്തിൽ 2021-22 വർഷം 19877/-രൂപ വരവുണ്ട്. എന്നാൽ വരവ് കൃത്യത ഉറപ്പ് വരുത്തുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

15) വാർഷിക കണക്ക് B-18 പ്രകാരം ചുവടെ കൊടുത്ത മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

| മുൻകൂർ നൽകിയത് | തുക | |
|---|---|---|
| കെ.എസ്.ഇ.ബി | 91188 | ഏത് പദ്ധതിയ്ക്ക് ഏത് കാലയളവിൽ നൽകി എന്ന് രേഖപ്പെടുത്തിയിട്ടില്ല |
| ബെനിഫിഷ്യറി കമ്മിറ്റി കൺവീനർ | 25000 | ഏത് വർക്കിന്റെ ഏത് കൺവീനർക്ക് നൽകി എന്ന് രേഖപ്പെടുത്തിയിട്ടില്ല. |
| ടെമ്പററി അഡ്വാൻസ് ടു ഓഫീഷ്യൽ പർപ്പസസ് | 6250/- | ആർക്കൊക്കെ ഏതൊക്കെ കാലയളവുകളിൽ നൽകി എന്ന് രേഖപ്പെടുത്തിയിട്ടില്ല |
| അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | 212300/- | ഏതൊക്കെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഏതൊക്കെ കാലയളവിൽ കൊടുത്ത തുകയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല |

ഇവ ഏത് വർഷം ഏത് ആവശ്യത്തിനായി നൽകിയ മുൻകൂറുകളാണ് എന്ന് രജിസ്റ്ററിൽ വ്യക്തമാക്കിയിട്ടില്ല. ഇതിനാൽ മുൻകൂർ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

16) B-12 പ്രകാരം 21-22 ൽ 282,975/-രൂപ ഇക്വിറ്റി ഷെയേഴ്സ് ആയി ഇൻവെസ്റ്റ്മെന്റ് നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ എന്നാൽ ലഡ്ജർ പരിശോധിച്ചതിൽ നിന്നും ഇത് യഥാർത്ഥത്തിൽ ബഡ്സ് സ്കൂൾ വർക്കർക്കും ആയയ്ക്കും ഓണറേറിയം നൽകിയ ഹെഡ് മാറി പോസ്റ്റ് ചെയ്തതാണ് എന്ന് കാണുന്നു. ഇത് പരിശോധിച്ച് തിരുത്താതെയാണ് വാർഷിക കണക്ക് സമർപ്പിച്ചിരിക്കുന്നത്.

17. എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ ഇ-ടെണ്ടറുകളുടെ ഫീ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്കാണ് പോവുന്നത്. നാളിതുവരെയായി 407427/-രൂപ ഈ ഇനത്തിൽ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ലഭ്യമാവാനുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12271373 |
| ഓഡിറ്റ് വർഷത്തെ വരവ് | 98559584 |
| ആകെ | 110830957 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 86688759 |
| നീക്കിയിരിപ്പ് | 24142198 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 25009211 | 25009211 | 21984365 | 3024846 |
| വികസന ഫണ്ട് (എസ്.സി .പി) | 0 | 996822 | 996822 | 876666 | 120156 |
| വികസന ഫണ്ട്-(ടി.എസ്.പി) | 0 | 424000 | 424000 | 424000 | 0 |
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 1300452 | 1300452 | 1107193 | 193259 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 4566734 | 4566734 | 2909792 | 1656942 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 5331097 | 5331097 | 3721523 | 1609574 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS മുഖേന | 0 | 7852000 | 7852000 | 852796 | 6999204 |
| മെയിന്റനൻസ്, റോഡ് | 0 | 18636000 | 18636000 | 17418143 | 1217857 |
| മെയിന്റനൻസ്, നോൺ – റോഡ് | 0 | 7594253 | 7594253 | 3533071 | 4061182 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 8244984 | 8244984 | 8244984 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 18070 | 1397400 | 1415470 | 1356520 | 58950 |

### 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ നരിപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്), മെയിന്റനൻസ് ഫണ്ട്(റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ വകയിരുത്തിയ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ വകയിരുത്തിയ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 163459671 | 29351800 |

| | | |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 2322334 | 1110334 |
| വികസനഫണ്ട് (ടി.എസ്.പി) | 782990 | 424000 |
| മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) | 6930176 | 6515176 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി),വികസനഫണ്ട് (ടി.എസ്.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്), ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) PFMS ഇനത്തിൽ Tied & Untied ഇനത്തിൽ B4 സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് തുക 8608778/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് B17സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് തുക 8614546/- രൂപയാണ്. B4 സ്റ്റേറ്റ്മെന്റിലെ PFMS ഇനത്തിലുള്ള ബാലൻസ് തുകയും B17 സ്റ്റേറ്റ്മെന്റിലുള്ള ബാലൻസ് തുകയും തമ്മിൽ 9768/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-5 തനത് വരുമാന വർദ്ധനവ്- റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ല

പ്രധാന വരവിനങ്ങളായ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവയിൽ നൂറ് ശതമാനം ഡിമാന്റില്ലെന്നും ഇത് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-6, 1-7, 1-8 എന്നിവയിൽ പ്രതിപാദിച്ചിരുന്നു. ഈ ഖണ്ഡികകളിൽ പോരായ്മ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നല്കിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുമാനം ലഭിക്കേണ്ട മേഖലകളിൽ നിന്നെല്ലാം നൂറുശതമാനം ഡിമാന്റ് ഉറപ്പാക്കാൻ സ്ഥാപനം യാതൊരുശ്രമവും നടത്തിയിട്ടില്ല. മേൽ വർഷത്തെ റിപ്പോർട്ടിന് നല്കിയ മറുപടിയിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്നും കെട്ടിടങ്ങൾ വൻതോതിൽ ഒഴിഞ്ഞു പോകാനുള്ള സാധ്യത ചൂണ്ടിക്കാണിക്കുന്നതിന് ആധാരമായി സൂചിപ്പിച്ച വസ്തുതകളുടെ കാര്യത്തിലാണ് മറുപടിയിൽ ശ്രദ്ധയൂന്നിയിരിക്കുന്നത്. പരാമർശത്തിന്റെ കാതൽ എന്തെന്ന് തിരിച്ചറിയാതെ ഇപ്രകാരം മറുപടി നല്കുന്നത്, റിപ്പോർട്ടുകൾ മറുപടി നല്കേണ്ട ഒരുല്പന്നം മാത്രമായി സ്ഥാപനം കാണുന്നതുകൊണ്ടാണെന്ന് വ്യക്തമാണ്. അനധികൃതമായി നിർമ്മിക്കപ്പെട്ട പുതിയതും കൂട്ടിച്ചേർക്കൽ മൂലം അനധികൃതമായ പഴയതുമായ നിരവധി കെട്ടിടങ്ങൾ സ്ഥാപനത്തിലുണ്ടെന്നത് മേൽ പരാമർശങ്ങളിൽ നിന്നും , കൃത്യമായ ഫീൽഡ്തല പരിശോധനകളുടെ അഭാവത്തിലും വ്യക്തമാണ്. തൊഴിൽനികുതിയുടെയും ലൈസൻസിന്റെയും കാര്യത്തിൽ മേൽ റിപ്പോർട്ടുകളിൽ നല്കിയ കണക്കുകൾ, നികുതി/ലൈസൻസ് പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിഞ്ഞുപോകുന്നുണ്ടെന്ന വസ്തുത അടിവരയിടുന്നു. ഇത് ഒഴിവാക്കാൻ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന നടപടികൾ സ്വീകരിക്കാൻ റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചതുമാണ്. നാളിതുവരെ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

## 1-6 ഭരണസമിതി യോഗ മിനിട്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ഭരണസമിതി യോഗങ്ങളുടെ മിനുട്സ് നിലവിൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയാണ്

തയ്യാറാക്കുന്നതും പരസ്യപ്പെടുത്തുന്നതും. സ്ഥാപനത്തിന്റെ മിനുട്സ് സകർമ്മയിൽ പരിശോധിച്ചതിൽ നാളിതുവരെ നടത്തിയ യോഗങ്ങളിൽ 6 യോഗങ്ങളുടെ മിനുട്സ് പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ലെന്ന് കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | യോഗ നമ്പർ | യോഗ തീയതി | യോഗ സ്വഭാവം | മിനുട്സിന്റെ അവസ്ഥ |
|---|---|---|---|---|
| 1 | 2 | 17.1.23 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 2 | 3 | 30.1.23 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 3 | 4 | 7.2.23 | അടിയന്തിര യോഗം/ പ്രത്യേക യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 4 | 5 | 13.2.23 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 5 | 6 | 21.2.23 | അടിയന്തിര യോഗം/പ്രത്യേക യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 6 | 7 | 28.2.23 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |

ഭരണസമിതി യോഗങ്ങളുടെ മിനുട്സ് എപ്രകാരം തയ്യാറാക്കണമെന്നും പ്രസിദ്ധീകരിക്കണമെന്നും 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 ൽ വിശദമാക്കുന്നുണ്ട്. പഞ്ചായത്ത് യോഗത്തിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാനം രജിസ്റ്ററും യോഗനടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനുട്സ് ബുക്കും ഉണ്ടായിരിക്കണമെന്ന് ചട്ടം 20(3) വ്യവസ്ഥ ചെയ്യുന്നുണ്ട് . കൈയ്യെഴുത്തായി മിനിട്സും തീരുമാനം രജിസ്റ്ററും തയ്യാറാക്കുന്ന രീതി അടിസ്ഥാനപ്പെടുത്തിയാണ് ഈ ചട്ടമെങ്കിലും സോഫ്റ്റ്‌വെയർ അടിസ്ഥാനപ്പെടുത്തി ഇവ തയ്യാറാക്കുമ്പോൾ നടപടിക്രമവും സമയക്രമവും ഈ ചട്ടങ്ങൾ പ്രകാരമാകേണ്ടതുണ്ട്. പഞ്ചായത്ത് പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും അവ പാസാക്കുന്ന മുറയ്ക്ക് സെക്രട്ടറി തീരുമാനം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അതിനു താഴെ സെക്രട്ടറിയും യോഗാധ്യക്ഷനും ഒപ്പുവയ്ക്കേണ്ടതാണെന്നും ഇത് യോഗത്തിൽ വായിക്കേണ്ടതാണെന്നും ഇതിന്റെ പകർപ്പ് യോഗം അവസാനിച്ചയുടൻ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണമെന്നും ചട്ടം 20(4) ൽ വിശദമാക്കുന്നുണ്ട്. ഇതിന്റെ പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നല്കണമെന്ന് ചട്ടം 20(6) അനുശാസിക്കുന്നു.

മിനുട്സിന്റെ കാര്യത്തിൽ, യോഗത്തിൽ ഓരോ വിഷയത്തിലും അംഗങ്ങൾ നടത്തിയ പ്രസംഗങ്ങളും പ്രസ്താവനകളും സെക്രട്ടറി നടത്തിയ അഭിപ്രായങ്ങളും ക്രമപ്രശ്നങ്ങളിൽ അദ്ധ്യക്ഷൻ എടുത്ത തീരുമാനങ്ങളും രത്നചുരുക്കത്തിൽ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് ചട്ടം 20(7) ൽ പ്രതിപാദിക്കുന്നുണ്ട്. ഇതിന്റെ നക്കൽ യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ സെക്രട്ടറി അദ്ധ്യക്ഷന് നല്കേണ്ടതും (ചട്ടം 20(9)) അദ്ധ്യക്ഷൻ 24 മണിക്കൂറിനുള്ളിൽ അംഗീകരിച്ച് സെക്രട്ടറിക്ക് തിരികെ നല്ലേണ്ടതുമാണ് (ചട്ടം 20(9)) ഇത് തിരിച്ചു കിട്ടിയാൽ ഉടൻ സെക്രട്ടറി മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുകയും പകർപ്പ് നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതുമാണ് (ചട്ടം 20(10)) ചട്ടങ്ങളിൽ ഇപ്രകാരം പ്രതിപാദിച്ചിരിക്കെ യോഗം കഴിഞ്ഞ് മാസങ്ങളായിട്ടും മിനുട്സും തീരുമാനം രജിസ്റ്ററും പൂർത്തിയാക്കി പ്രസിദ്ധീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല. മിനുട്സുമായി ബന്ധപ്പെട്ട് ചട്ടവിരുദ്ധമായി പ്രവർത്തിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും ഉടനടി മിനുട്സുകൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-7 റിപ്പോർട്ടുകൾ പരിഗണിക്കപ്പെടുന്നില്ല

ഓഡിറ്റ് റിപ്പോർട്ടുകൾക്ക് അർഹമായ പരിഗണന സ്ഥാപനം നല്കുന്നില്ലെന്ന്, റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികളും വിവിധ കമ്മിറ്റികളുടെ മിനുട്സും സാക്ഷ്യപ്പെടുത്തുന്നു. 2018-19 വർഷം മുതലുള്ള മൂന്ന് റിപ്പോർട്ടുകളുടെ കാര്യത്തിലുള്ള വീഴ്ചകൾ താഴെ കൊടുക്കുന്നു.

1)റിപ്പോർട്ടുകൾ ഭരണസമിതി പരിഗണിക്കുന്നതിൽ വീഴ്ച

ഓഡിറ്റ് റിപ്പോർട്ടുകൾ കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 14, 15 ചട്ടങ്ങളിൽ പ്രതിപാദിക്കുന്നു. കൂടാതെ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 15(1) ചട്ടം 20,23, എന്നിവയിലും കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 21(1), (2) ചട്ടങ്ങളിലും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ 2018-19, 2019-20 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ ഭരണസമിതി ഒരു യോഗത്തിലും പരിഗണിക്കുകയോ പരാമർശങ്ങൾ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. 2019-20 വർഷത്തെ റിപ്പോർട്ടിനുള്ള മറുപടി 16.7.22 ന ചേർന്ന യോഗത്തിൽ അംഗീകരിച്ചതു മാത്രമാണ് ഇതിന് അപവാദമായുള്ളത്. 2020-21 വർഷത്തെ റിപ്പോർട്ട് , ലഭിച്ച അതേ മാസം പരിഗണിച്ചെങ്കിലും ഒരു സാധാരണ യോഗത്തിൽ മറ്റ് അജണ്ടകൾക്കൊപ്പം പരിഗണിച്ചതിനാൽ നിയമം അനുശാസിക്കുന്ന പ്രാധാന്യം ലഭിച്ചില്ലെന്നു കാണാം. ഇതിന് മറുപടി സ്ഥാപനം നാളിതുവരെ ലഭ്യമാക്കിയിട്ടുമില്ല.

2)റിപ്പോർട്ടുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിക്കുന്നില്ല

സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനത്തെ കാര്യക്ഷമമാക്കേണ്ട ചുമതല വഹിക്കുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഓഡിറ്റ് റിപ്പോർട്ടുകൾ പരിഗണിക്കുന്നില്ലെന്ന് മേൽ വർഷങ്ങളിലെ റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. റിപ്പോർട്ടുകളിൽ ഒന്നു പോലും ചർച്ചയ്ക്ക് വിധേയമാക്കുകയോ , സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തേയും സാമ്പത്തികാവസ്ഥയേയും സംബന്ധിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ല. പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുക, ചെലവുകൾ അംഗീകരിക്കുക എന്നിവ മാത്രമാണ് പ്രധാനമായും യോഗങ്ങളിൽ നിർവ്വഹിക്കുന്നത്. തനത് വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ 2019-20വർഷത്തെ റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നുവെന്നത് ഇവിടെ പ്രസക്തമാണ്.

3)റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി മറുപടി നല്കുന്നില്ല

ക്രമ നമ്പർ ഒന്നിൽ പ്രതിപാദിച്ച പോലെ റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കി ഒരു പ്രഥമമറുപടി സ്ഥാപനം നിയപരമായി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ മൂന്ന് റിപ്പോർട്ടുകളുടെ കാര്യത്തിലും ഈ ബാധ്യത സ്ഥാപനം നിറവേറ്റിയിട്ടില്ല. 2018-19 വർഷത്തെ റിപ്പോർട്ടിന് (1.2.20ന് ലഭിച്ചു) പ്രഥമ മറുപടി നല്കാത്തതിനാൽ 29.5.20 ന് അനന്തര റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പുറപ്പെടുവിക്കുകയായിരുന്നു. 5.11.20 ന മാത്രമാണ് ഈ റിപ്പോർട്ടിന് ഒരു മറുപടി സ്ഥാപനം ലഭ്യമാക്കിയത്. 23.3.22 ന് ലഭിച്ച 2019-20 വർഷത്തെ റിപ്പോർട്ടിന് ഒരു മറുപടി സമർപ്പിക്കുന്നത് 30.8.22ന് മാത്രമാണ്. അവാസാനത്തെ റിപ്പോർട്ടിന് (2020-21)നാളിതുവരെ മറുപടി സമർപ്പിച്ചിട്ടുമില്ല.

4) റിപ്പോർട്ടുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കുന്നില്ല

ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനയ്ക്കും ചർച്ചയ്ക്കും സമർപ്പിക്കേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമം , സെക്ഷൻ 3 എ(3) ൽ അനുശാസിക്കുന്നുണ്ട്. എന്നാൽ മേൽ പരാമർശിച്ച ഉത്തരവാദിത്തങ്ങൾ നിറവേറ്റാത്തതുപോലെ ഗ്രാമസഭകളിലും ഇവ അവതരിപ്പിക്കപ്പെട്ടില്ലെന്നു കാണുന്നു.

റിപ്പോർട്ടുകൾ സ്ഥാപനം പരിഗണിക്കാത്തതിനാൽ തന്നെ ഇവയിൽ പരാമർശിക്കപ്പെട്ട അപാകതകൾ നിലവിലും ആവർത്തിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ തനത് വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതുനുള്ള മുൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സ്ഥാപനം നാളിതുവരെ തയ്യാറാകാത്തത് ഇതിനുള്ള ഉത്തമോദാഹരണമാണ്.

മേല്പറഞ്ഞ കാര്യങ്ങളിൽ സ്ഥാപനത്തിന്റെ അഭിപ്രായം വ്യക്തമാക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. വിവിധ സമിതികളുടെ പരിഗണനയ്ക്ക് റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കാത്തതും, നടപടി റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കാത്തതും സെക്രട്ടറിയുടേയും ബന്ധപ്പെട്ട സെക്ഷന്റേയും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥന്റേയും വീഴ്ചയായി പരിഗണിക്കുമെന്ന കാര്യം കൂടി ശ്രദ്ധയിൽ പെടുത്തുന്നു.

1-8 സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളുടെ വിശദാംശമടങ്ങിയ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 44 ഭൂമികൾ നിലവിലുണ്ടെന്ന് കാണുന്നു. എന്നാൽ ആകെ 32 ഭൂമികളുടെ ആധാരം മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. കൂടാതെ ഈ ഭൂമികളുടെ നികുതി കാലാകാലമായി അടക്കുന്നില്ലെന്ന് വിശദീകരിക്കപ്പെട്ടിട്ടുണ്ട്. പുതിയ തണ്ടപ്പേർ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാത്തതിനാലാണ് ഈ സ്ഥിതിവിശേഷം വന്നതെന്ന് കാണാം. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് നികുതി ഒടുക്കേണ്ടതാണ്. അവശേഷിക്കുന്ന ഭൂമികളുടെ ആധാരം കൂടി കണ്ടെത്തി വിവരം അറിയിക്കേണ്ടതുമാണ്.

1-9 വസ്തു നികുതി-അപാകതകൾ

സ്ഥാപനത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിച്ചിട്ടില്ല .

ഗ്രാമപഞ്ചായത്തിൽ 2013-14 വർഷത്തിലാണ് കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തി നികുതി പുനർ നിർണ്ണയിച്ചിട്ടുള്ളത്. 2013-14 ന് ശേഷം ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾ കണ്ടെത്തി അത്തരം കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം നികുതി നഷ്ടം സംഭവിക്കുന്നു.

മേല്പറഞ്ഞ അപാകതകൾ നിലനിൽക്കേ ഇക്കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് മിനട്സ് സാക്ഷ്യപ്പെടുത്തുന്നു. വസ്തുനികുതിയുടെ കാര്യത്തിൽ പിരിവ് 100% ആക്കാനുള്ള നിർദ്ദേശങ്ങളും ഇടപെടലുകളും മാത്രമാണ് ഉണ്ടായിട്ടുള്ളത്.

2. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല . അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല .

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല (ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണ വിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയ നിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തതും നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. അനധികൃത നിർമ്മാണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.

അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാര നടപടികൾ നടപ്പിലാക്കേണ്ടതാണ്.

1. സ്ഥാപന പരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമ വിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽപ്പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയ കെട്ടിടങ്ങളുടെ അസസ്മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2. മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.
3. അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തമുള്ള ഫീൽഡ് സ്റ്റാഫ് അതനുസരിച്ചുള്ള കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നടത്തേണ്ടതുമാണ്.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-10 സംരംഭക ലൈസൻസ് -മുൻവർഷങ്ങളിലെ അപാകതകൾ ആവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2022 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1407 (26 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 316 സ്ഥാപനങ്ങളിലാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. വാണിജ്യ-വ്യാവസായികാവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 1407 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ 407 (26 വേക്കൻസി റെമിഷൻ) ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്ഥാപനം കൈക്കൊണ്ടതായി കാണുന്നില്ല.

07.07.2021 തിയ്യതിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - അജണ്ട – 8 തീരുമാനം 57/2021 പ്രകാരം ഈയിനത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഭരണസമിതിയോട് ശുപാർശ ചെയ്ത് തീരുമാനിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ഓഡിറ്റ് വർഷം പുരോഗതി കൈവരിച്ചിട്ടില്ല.

അപാകതൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-21/21-22 തിയ്യതി- 10.03.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ - വ്യവസായാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകിയും വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

1-11 തൊഴിൽ നികുതി അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. മുൻ വർഷത്തെ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിൽ വീഴ്ച

തൊഴിൽനികുതി നിർണ്ണയിക്കുന്നതും ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ നിലനിൽക്കുന്ന അപാകതകൾ സംബന്ധിച്ച് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക1-7 ൽ പരാമർശിച്ചിരുന്നു. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടില്ല എന്ന പരാമർശത്തിന്മേൽ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല.ഖണ്ഡികയിൽ പരാമർശിച്ച എല്ലാ അപാകതകളും ഇപ്പോഴും നിലനിൽക്കുന്നതായി കാണുന്നു. ഈ റിപ്പോർട്ടിന് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച പ്രഥമ മറുപടിക്ക് പുറപ്പെടുവിച്ച അനന്തര പരാമർശത്തിൽ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി ഓഡിറ്റ് നിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. മുഴുവൻ വ്യക്തികളെയും സ്ഥാപനങ്ങളെയും നികുതി വലയത്തിൽ കൊണ്ട് വരുന്നതിന് 07.07.2021 തിയ്യതിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - അജണ്ട – 8തീരുമാനം 57/2021 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്ത് തീരുമാനിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2) മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല .

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1407 വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളാണുള്ളത്. 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 26 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1381 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 316 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും 294 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം(ഡിമാന്റുകൾ) 407 ആണ്. അവശേഷിക്കുന്ന 974 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെ റിട്ടേൺ വാങ്ങി വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3)ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ഓഡിറ്റ് വർഷത്തിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ അംഗീകൃത കരാറുകാർ(PWD Contractors), ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസുമാർ (Licensed Building Supervisor) എന്നിവരിൽ നിന്നും ഓഡിറ്റ് വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 20/21-22 തിയ്യതി- 10.03.2023) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് മുഴുവൻ തൊഴിൽനികുതിയും പിരിച്ചെടുക്കുന്ന കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല.

പ്രോജക്ട് നം-182/21-22

നിർവ്വഹണം-മെഡിക്കൽ ഓഫീസർ-ഹോമിയോ

അടങ്കൽ -100000(മെയിന്റനൻസ് -നോൺ റോഡ്)

ചെലവ്-100000 (ബിൽ നം-21170452012401178289/21-22 തിയ്യതി-18-02-2022)

ഓഡിറ്റ് വർഷം ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി 18-02-2022 തിയ്യതിയിൽ 100000 രൂപ ഹോംകോ-ആലപ്പുഴയ്ക്ക് കൈമാറിയിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെ മരുന്നുകളൊന്നും തന്നെ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 100000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-13 തൻവർഷ പദ്ധതി ചെലവിൽ പകുതിയോളം സ്പിൽഓവർ പദ്ധതികൾക്ക്

2021-22 വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയത് സ്പിൽഓവർ പദ്ധതികളടക്കം ആകെ 70 പ്രോജക്ടുകളാണ്. ഇതിൽ 32എണ്ണം മുൻവർഷത്തിൽ നിന്നുള്ള സ്പിൽഓവർ പദ്ധതികളാണ്. ബാക്കി 38 പദ്ധതികളാണ് തൻവർഷം പുതുതായി രൂപീകരിച്ചത്. 32 സ്പിൽഓവർ പ്രവൃത്തികളിൽ ആറു പ്രവൃത്തികളിലൊഴികെ 26 പ്രവൃത്തികൾക്കായാണ് തൻവർഷ ചെലവിന്റെ 46.33% തുകയും വിനിയോഗിച്ചിരിക്കുന്നത്. ഫണ്ടിനം തിരിച്ച വിവരം ചുവടെ കൊടുക്കുന്നു,

| ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക | സ്പിൽഓവർ പദ്ധതി | | |
|---|---|---|---|---|---|
| | | | അടങ്കൽ | ചെലവ് | ചെലവ് % |
| വികസനഫണ്ട് ജനറൽ | 23,64,467 | 7,69,746 | -- | -- | -- |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | -- | -- | -- | -- | -- |
| വികസനഫണ്ട് ടി.എസ്.പി. | 65,010 | 65,010 | 65,010 | 65,010 | 100% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 67,98,854 | 28,55,030 | 15,32,570 | 13,77,650 | 48.25% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 17,65,940 | 4,64,044 | 10,65,940 | 4,64,044 | 100% |
| തനതുഫണ്ട് | 21,86,467 | 13,36,681 | 15,75,000 | 13,33,689 | 99.78% |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 14,62,803 | 3,97,346 | 4,62,803 | 3,97,346 | 100% |
| ജില്ലാപഞ്ചായത്ത വിഹിതം | 30,00,000 | -- | -- | -- | -- |
| സംരക്ഷണഗ്രാന്റ് റോഡ് | 1,81,92,000 | 1,74,18,143 | 64,41,481 | 62,54,608 | 35.91% |
| സംരക്ഷണഗ്രാന്റ് റോഡിതരം | 52,06,156 | 22,86,721 | 30,24,200 | 19,65,741 | 85.96% |
| ആകെ | 4,10,41,697 | 2,55,92,721 | 1,41,67,004 | 1,18,58,088 | 46.33% |

മേൽ പട്ടിക പരിശോധിച്ചാൽ ധനകാര്യകമ്മീഷൻ ഗ്രാന്റും, സംരക്ഷണ ഗ്രാന്റ് റോഡുമൊഴികെ ബാക്കി ഫണ്ടിനങ്ങൾ പൂർണ്ണമായും/ഭൂരിഭാഗവും വിനിയോഗിച്ചിരിക്കുന്നത് സ്പിൽഓവർ പദ്ധതികൾക്കായാണ്. മുൻവർഷത്തിൽ സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാതിരുന്നതിനാൽ ഭൂരിഭാഗവും തുടർ വർഷത്തിൽ സ്പിൽഓവർ പദ്ധതികളായി നിർവ്വഹിക്കേണ്ടി വരികയും ഇതിനായി 2020-21 വർഷത്തെ ഫണ്ടുകൾ വിനിയോഗിക്കേണ്ടി വരികയും ചെയ്തു. ഓരോ വർഷവും ലഭിക്കുന്ന തുകകൾ അതതു വർഷത്തെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് ഇതു തടസ്സമായി മാറുന്നുണ്ട്.

2020-21 വർഷത്തിലെ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാതിരുന്നതിന്റെ കാരണം പരിശോധിച്ചതിൽ ആകെ 44 പുതിയ പദ്ധതികളുണ്ടായിരുന്നതിൽ 30 പദ്ധതികളുടെയും കരാർ ചമച്ചിരിക്കുന്നത് ആദ്യ അർദ്ധവർഷത്തിനു ശേഷമാണെന്ന് കാണുന്നു. ഇതിൽ 19 പദ്ധതികൾക്കായി കരാർ ചമച്ചത് വർഷാവസാനത്തെ രണ്ടു മാസങ്ങളിലാണ്(2/21, 3/21). ഓഡിറ്റ് വർഷത്തിലും ഇതേ സ്ഥിതിയാണ് തുടരുന്നത്. 2021-22ൽ ആകെ 36പദ്ധതികൾ വിഭാവനം ചെയ്തതിൽ 20 പ്രവൃത്തികൾക്കും അവസാന പാദവർഷത്തിലാണ് കരാർ ചമച്ചിരിക്കുന്നത്(1/22നു ശേഷം). 2018-19 വർഷത്തിൽ നിർമ്മാണമാരംഭിച്ച വായാട് അങ്കണവാടിയുടെ പൂർത്തീകരണത്തിനായി 2021-22 വർഷാരംഭത്തിൽ രൂപീകരിച്ച പ്രോജക്ട് 47/22 ന്റെ സാങ്കേതികാനുമതി ലഭ്യമാക്കിയത് 16.2.22നു മാത്രമാണ്. നിലവിൽ ഈ പദ്ധതി 2022-23 വർഷത്തിൽ സ്പിൽഓവറായി ഉൾപ്പെടുത്തിയിരിക്കുന്നു. വിഭാവനം ചെയ്യുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഉണ്ടാകുന്ന അലംഭാവം ഇതിൽ നിന്നും വ്യക്തമാണ്. മേൽ വിവരിച്ച വിധം സമയബന്ധിതമായി പദ്ധതികൾ നിർവ്വഹണം നടത്താത്തതിനാൽ ഓരോ വർഷവും ലഭിക്കുന്ന ഫണ്ടിനങ്ങളിൽ ഭൂരിഭാഗവും സ്പിൽഓവർ പ്രവൃത്തികൾക്ക് വിനിയോഗിക്കേണ്ടി വരുന്ന സാഹചര്യം തുടർന്നു വരുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഈ സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതും, ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കേണ്ടതുമാണ്.

## 1-14 പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് രൂപീകരിച്ച് നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വിവിധ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

### I. എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു

ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ഭൂരിഭാഗം പ്രവൃത്തികളും, പ്രത്യേകിച്ചും അറ്റകുറ്റ പണികൾ പല കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. വിവിധ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ മിക്ക എസ്റ്റിമേറ്റുകളും യഥാർത്ഥ ആവശ്യകത മനസ്സിലാക്കാതെയും, ശരിയായ സൈറ്റ് പരിശോധന നടത്താതെയും, അശ്രദ്ധയോടെയും തയ്യാറാക്കിയതു മൂലമാണ് പുതുക്കേണ്ടി വന്നതെന്ന് വ്യക്തമാകുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

കൃഷിഭവൻ നവീകരണത്തിനായി 2020-21 ൽ രൂപീകരിച്ച് 2021-22 ൽ നിർവ്വഹണം നടത്തിയതാണ് ഈ പദ്ധതി. കൃഷിഭവന്റെ ഒന്നാം നിലയിൽ ഒരു മുറി നിർമ്മിക്കുന്നതിനും, വിവിധ അറ്റകുറ്റ പണികൾക്കുമായാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പുതുക്കിയാണ് നിർവ്വഹണം നടത്തിയത്. ഇതിനുള്ള കാരണമായി രേഖപ്പെടുത്തിയത് സ്റ്റോർ റൂമിന് റോളിംഗ് ഷട്ടറിനു പകരം MS ഗ്രിൽ വേണമെന്ന് കൃഷി ഓഫീസർ ആവശ്യപ്പെട്ടുവെന്നാണ്. എന്നാൽ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ആദ്യ എസ്റ്റിമേറ്റിൽ തെറ്റായി ഇനം ഉൾപ്പെട്ടിരുന്നതായും, ആവശ്യമായ ചിലയിനങ്ങൾ ഉൾപ്പെടുത്താൻ വിട്ടു പോയതായും മനസ്സിലാകുന്നു. കെട്ടിടത്തിന്റെ പെയിന്റിംഗിനായി തെറ്റായി സിന്തറ്റിക് പെയിന്റിംഗ്(സ്റ്റീലിനു നൽകുന്ന)ഇനമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. കൂടാതെ ഒന്നാം നിലയുടെ നിർമ്മാണത്തിനാവശ്യമായ ലിന്റലിനുള്ള സെന്ററിംഗ് ഷട്ടറിംഗ് ഇനവും, ഷീറ്റ് റൂഫിംഗിൽ ആവശ്യമായ റെയിൻവാട്ടർ ഗട്ടർ എന്നതും ഉൾപ്പെടുത്താൻ വിട്ടു പോയിരുന്നത് പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്. മേൽ മാറ്റങ്ങൾക്കു പുറമേ കൃഷി ഓഫീസറുടെ ആവശ്യവും കൂടി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് പുതുക്കിയത്. ഇതിൽ നിന്നും യഥാർത്ഥ ആവശ്യകത മനസ്സിലാക്കാതെയും, അശ്രദ്ധയോടെയുമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതെന്ന് വ്യക്തമാകുന്നു.

മറ്റൊരു പദ്ധതിയായ വായാട് അങ്കണവാടി നിർമ്മാണത്തിൽ എസ്റ്റിമേറ്റ് പുതുക്കിയത് സ്ഥല ലഭ്യതയ്ക്കനുസരിച്ച് കെട്ടിടത്തിന്റെ വലുപ്പം കുറയ്ക്കുന്നതിനാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പ് സ്ഥലപരിശോധന നടത്തുന്നില്ലെന്ന് ഇതിൽ നിന്നും വ്യക്തമാണ്. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ചും 26.3.2021 ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/2020/CE/LID&EW നമ്പർ സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങളുടെ പ്രകടമായ ലംഘനങ്ങളാണ് പഞ്ചായത്തിൽ ഓഡിറ്റ് വർഷം നടത്തിയ പദ്ധതികളുടെ കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. എസ്റ്റിമേറ്റുകൾ കൃത്യമായി തയ്യാറാക്കുന്നതിനു സാങ്കേതിക വിഭാഗം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

### II. പ്രവൃത്തി പൂർത്തീകരിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കുന്നു

കൃഷി ഭവൻ നവീകരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പുതുക്കിയിരിക്കുന്നത് പ്രവൃത്തി പൂർത്തീകരണത്തിനു ശേഷമാണ്. അളവു പുസ്തക പ്രകാരം നവീകരണത്തിന്റെ മുഴുവൻ പ്രവൃത്തികളും 6.1.22 ന് പൂർത്തീകരിച്ച് അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള ഭരണസമിതി തീരുമാനം ഉണ്ടായത് 13.1.22 നാണ്. പ്രവൃത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കിയ സാഹചര്യം വ്യക്തമല്ല.

### III. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്ന അളവുകളിൽ കൃത്യതയില്ല

കൃഷിഭവന മുകളിൽ നിർമ്മിക്കുന്ന റൂമിന് ഷീറ്റ് റൂഫ് നൽകുന്നതിന് സ്ട്രക്ച്ചറൽ സ്റ്റീലിന്റെ അളവ് ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത് 628.32 Kg ആണ്. എന്നാൽ യഥാർത്ഥത്തിൽ ഇതിനായി ഉപയോഗിച്ചത് 347.152 Kg മാത്രമാണ്. ഇതുമൂലം ലഭിച്ച സേവിംഗ്സ് മറ്റിനങ്ങൾക്കായി ഉപയോഗപ്പെടുത്തുകയാണുണ്ടായത്. എസ്റ്റിമേറ്റുകളിൽ കൃത്യത ഉറപ്പാക്കാനാകാത്തത് സാങ്കേതിക വിഭാഗത്തിന്റെ പോരായ്മയാണ്.

IV. എസ്റ്റിമേറ്റുകളിൽ സാമ്പത്തിക മിതവ്യയം ഉറപ്പാക്കുന്നില്ല

പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ശരിയായ ഇനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടാകുന്നുണ്ട്. ഉദാഹരണമായി, റോഡ് പ്രവൃത്തികളുടെ ഭാഗമായി വരുന്ന മണ്ണ് പ്രവൃത്തികൾക്ക് പൊതുമായി മോർഡിലെ ഇനം 11.1.1.1 ആണ് ഉപയോഗപ്പെടുത്തുന്നത്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material, Back Filling എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. ചെറിയ ആഴത്തിൽ (പരമാവധി രണ്ടടി) മാത്രമുള്ള ഇത്തരം സാധാരണ മണ്ണ് പ്രവൃത്തിയ്ക്ക് കൂടുതൽ നിരക്കുള്ള ഐറ്റം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റുകൾ ശ്രദ്ധയോടും, കൃത്യതയോടെയും, യഥാർത്ഥ ആവശ്യങ്ങൾ മനസ്സിലാക്കിയും, മിതവ്യയത്തോടെയും തയ്യാറാക്കാൻ ശ്രമിക്കേണ്ടതാണ്. മേൽ അപാകതകളിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ വിശദീകരിക്കേണ്ടതാണ്.

1-15 അഞ്ചു വർഷമായിട്ടും അങ്കണവാടി നിർമ്മാണം പൂർത്തിയായില്ല – ബിൽ തുകയിൽ നികുതി ഈടാക്കിയതിൽ കുറവ്

വായാട് അങ്കണവാടി കെട്ടിട നിർമ്മാണം (പ്രോജക്ട് നം128/22) എന്ന പേരിലുള്ള പദ്ധതി 2018-19 വർഷത്തിൽ രൂപീകരിച്ച് സ്പിൽഓവർ പദ്ധതിയായി 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതാണ്. 6,69,600/-രൂപ അടങ്കലിൽ തയ്യാറാക്കിയ ഈ പദ്ധതിയിൽ അങ്കണവാടിയുടെ കോളം സ്ട്രക്ച്ചറും മെയിൻ സ്ലാബ് നിർമ്മാണവുമാണ് വിഭാവനം ചെയ്തിരുന്നത്. 10.9.2018 ന് സാങ്കേതികാനുമതി ലഭിച്ച ഈ പദ്ധതിയ്ക്കായി 2.2.2019 ന് സന്തോഷ് രായരോത്ത് എന്നയാളുമായി കരാർ ചമച്ചു. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട വിവരങ്ങൾ താഴെ ചേർക്കുന്നു,

- പ്രവൃത്തി ആരംഭിക്കുന്നത് കരാർ ചമച്ചതിനു ശേഷം രണ്ടു വർഷം കഴിഞ്ഞ് 11.1.21നാണ്(അളവു പുസ്തകം 403/20-21). പ്രവൃത്തി ആരംഭിക്കാൻ വൈകിയതിന്റെ കാരണം വ്യക്തമല്ല. പ്രവൃത്തി ആരംഭിക്കാത്തതു സംബന്ധിച്ച് യാതൊരു ഇടപെടലും/നടപടികളും നിർവ്വഹണോദ്യോഗസ്ഥനോ, ഭരണ സംവിധാനമോ സ്വീകരിച്ചതായി കാണുന്നില്ല. പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ നിയമാനുസൃതമായി ഈടാക്കേണ്ട പിഴയും ഈടാക്കിയിട്ടില്ല.
- 20.1.21 ലെ 1/12 നമ്പർ തീരുമാന പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഇതിനുള്ള കാരണമായി വിവരിക്കുന്നത്, ഫൂട്ടിംഗിനായി മണ്ണെടുത്തപ്പോൾ പാറ കണ്ടതിനാൽ ഇതു പൊട്ടിക്കാനുള്ള ഇനം ഉൾപ്പെടുത്താനും, പ്ലോട്ടിന്റെ സൈസിനനുസരിച്ച് കെട്ടിടത്തിന്റെ വലുപ്പം കുറയ്ക്കാനും വേണ്ടി എസ്റ്റിമേറ്റ് പുതുക്കുന്നുവെന്നാണ്. ഇതിൽ നിന്നും ഉണ്ടാകുന്ന സേവിംഗ്സ് ഉൾപ്പെടുത്തി ചുമർ കെട്ടാനായി സോളിഡ് ബ്ലോക്ക് മേസൻറി ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ അളവു പുസ്തകം പരിശോധിച്ചാൽ പാറ പൊട്ടിക്കുന്നതിനായി വെറും 826/- രൂപയുടെ പ്രവൃത്തിയാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ബാക്കി മാറ്റങ്ങളെല്ലാം കെട്ടിടത്തിന്റെ വലുപ്പത്തിലുണ്ടായ മാറ്റം മൂലമുണ്ടായതാണെന്ന് വ്യക്തമാകുന്നു. അതായത് ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയത് സൈറ്റ് പരിശോധിക്കാതെയും, സ്ഥലപരിമിതി മനസ്സിലാക്കാതെയുമായിരുന്നു.

- ഈ പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ 2020-21വർഷം നൽകി(541787/-). ഫൈനൽ ബിൽ 2021-22 ൽ നൽകിയപ്പോൾ മുഴുവൻ തുകയ്ക്കും ബാധകമായ നികുതി ഈടാക്കിയിട്ടില്ല. ആകെ പ്രവൃത്തി മൂല്യം 6,69,143/- രൂപയിൽ പാർട്ട് ബിൽ കുറവു ചെയ്ത് ബാക്കി 127356/-രൂപയാണ് നൽകാനുണ്ടായിരുന്നത്. ഇതിൽ 65010/-രൂപ വികസനഫണ്ട് ടി.എസ്.പി.യിൽ നിന്നും 62346/-രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നുമാണ് നൽകിയത്. ടി.എസ്.പി. തുക അനുവദിച്ചപ്പോൾ പ്രസ്തുത ബിൽ തുകയ്ക്ക് ആനുപാതികമായ 2600/-(നികുതി ആകെ 4%= 650x4) രൂപ കുറവു വരുത്തിയെങ്കിലും ബ്ലോക്ക് വിഹിതത്തിൽ നിന്നും നികുതി കുറവ് വരുത്തിയിട്ടില്ല. ഈയിനത്തിൽ 2494/-(62346/-ന്റെ 4%) രൂപ കുറവു വരുത്തേണ്ടതായിരുന്നു. ഈ തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടയ്ക്കേണ്ടതാണ്.
- ഈ അങ്കണവാടിയുടെ പൂർത്തീകരണത്തിനായി 2021-22 ൽ പ്രോജക്ട് നമ്പർ 47/22ആയി പുതിയ പദ്ധതി രൂപീകരിച്ചിരുന്നു. 2021-22 വർഷത്തെ ആദ്യ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഈ പദ്ധതിയ്ക്ക് ഓഡിറ്റ് വർഷത്തിൽ ചെലവില്ല. ഈ പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമായത് 16.2.22 ൽ മാത്രമാണ്. വാർഷിക പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ട ഈ പദ്ധതിയിക്ക് സാങ്കേതികാനുമതി ലഭിക്കാൻ വർഷാവസാനമായതിന്റെ കാരണം വ്യക്തമല്ല. ഈ പ്രോജക്ട് നിലവിൽ 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽഓവറായി ഉൾപ്പെടുത്തി ചെയ്തു വരുന്നു. അഞ്ചു വർഷം പിന്നിട്ടിട്ടും അങ്കണവാടിയുടെ നിർമ്മാണം പൂർത്തീകരിക്കാനായിട്ടില്ല.

മേൽ വിവരിച്ച പ്രകാരം നിലവിലും അങ്കണവാടിയുടെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണവും, പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് കരാറുകാരനെതിരെ നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്. സ്ഥലപരിശോധന നടത്താതെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ സാഹചര്യവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കേണ്ടതും, നികുതിയിനത്തിൽ കുറവു വന്ന തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്. അങ്കണവാടിയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-16 പൊതുമരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ/രൂപീകരണ/നിർവ്വഹണത്തിലെ അപാകതകൾ

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഫയലുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണഘട്ടം മുതൽ നിർവ്വഹണം വരെ വിവിധ പോരായ്മകൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടു. ഇത് പഞ്ചായത്ത് ഫണ്ടിന്റെ അധികചെലവ്/സർക്കാർ ഫണ്ടുകളുടെ നഷ്ടപ്പെടലിന് പലപ്പോഴും കാരണമാകുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല/ലക്ഷ്യം കൈവരിക്കാൻ കാലതാമസം

വാർഷിക പദ്ധതിയിലുൾപ്പെടുത്തി തയ്യാറാക്കുന്ന വിവിധ കെട്ടിടങ്ങളുടെ/റോഡുകളുടെ/ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുന്ന വിധം തയ്യാറാക്കാത്തതിനാൽ വർഷങ്ങൾ പിന്നിട്ടിട്ടും പൂർത്തീകരിക്കാതെ/ലക്ഷ്യം കൈവരിക്കാതെ തുടരുന്ന അവസ്ഥയാണ് പഞ്ചായത്തിലുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1. 2018-19 വർഷത്തിൽ രൂപീകരിച്ച വായാട് അങ്കണവാടി നിർമ്മാണത്തിന്റെ പദ്ധതിയിൽ കെട്ടിടത്തിന്റെ കോളം സ്ട്രക്ച്ചറും, റൂഫ് സ്ലാബും മാത്രമാണ് വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതി 2021-22 വരെ സ്പിൽഓവർ ആയി തുടർന്നാണ് പൂർത്തീകരിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ബാക്കി നിർമ്മാണത്തിന് 2021-22ൽ മറ്റൊരു പദ്ധതി രൂപീകരിച്ചെങ്കിലും ആ വർഷം ചെലവൊന്നും ഉണ്ടായില്ല. നിലവിൽ ഈ പദ്ധതി 2022-23വർഷത്തെ സ്പിൽഓവർ ആയി തുടരുന്നു. അഞ്ചു വർഷങ്ങൾക്കു മുമ്പ്

വിഭാവനം ചെയ്ത കെട്ടിട നിർമ്മാണം നിലവിലും പൂർത്തീകരിക്കാനായിട്ടില്ല.

2. പുതിയ നിർമ്മാണത്തിലെന്ന പോലെ അറ്റകുറ്റപണികളും ഈ വിധം സമഗ്രമായി തയ്യാറാക്കാതെ പല വർഷങ്ങളിൽ ചെറിയ തുകയ്ക്ക് പദ്ധതികൾ തയ്യാറാക്കുന്ന രീതിയാണുള്ളത്. 2021-22 ൽ കൃഷിഭവന്റെ അറ്റകുറ്റപണിക്കായി 132/22 നമ്പറായി ഒരു സ്പിൽഓവർ പദ്ധതിയുണ്ട്. അതേ വർഷം പ്രോജക്റ്റ് നമ്പർ 43/22 ആയി കൃഷിഭവന്റെ നവീകരണത്തിനായി മറ്റൊരു പദ്ധതിയും രൂപീകരിച്ചിരിക്കുന്നു.

3. പുറമേരിമുക്ക് നീലിയങ്കോട് റോഡ് അറ്റകുറ്റപണി എന്ന പദ്ധതി 2020-21 ൽ രൂപീകരിച്ച് 2021-22 ൽ നിർവ്വഹണം നടത്തിയ പദ്ധതിയാണ്. 763000/-രൂപ അടങ്കലിൽ തയ്യാറാക്കിയ ഈ പദ്ധതിയിൽ നടത്തിയ പ്രവർത്തനം പ്രസ്തുത റോഡിന്റെ സൈഡ് കരിങ്കൽകെട്ടും, റോഡിന്റെ സബ് ഗ്രേഡ് നിർമ്മാണവും, ക്വാറിമക്ക് നിറയ്ക്കലുമാണ്. ഈ പ്രവൃത്തി നടന്ന് രണ്ടു വർഷം പിന്നിടുമ്പോഴും തുടർ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. നിലവിൽ ഈ റോഡിൽ ഗതാഗതം ദുഷ്കരമായി തന്നെ തുടരുന്നു. ഈ റോഡിന്റെ അറ്റകുറ്റപണി ഇനി ചെയ്യണമെങ്കിൽ ആദ്യം ചെയ്ത സബ് ഗ്രേഡ് നിർമ്മാണം മുതൽ വീണ്ടും ചെയ്യേണ്ട അവസ്ഥയാണുള്ളത്. മേൽ പദ്ധതിയിൽ ഏകദേശം 1,85,000/-രൂപ ചെലവഴിച്ചത് സബ് ഗ്രേഡ് നിർമ്മാണത്തിനും, ക്വാറിമക്ക് വിരിക്കുന്നതിനുമാണ്. ആദ്യ പദ്ധതി റോഡ് നിർമ്മാണം പൂർണ്ണമായി ഉൾപ്പെടുത്താത്ത വിധത്തിൽ വിഭാവനം ചെയ്തത് പഞ്ചായത്ത് ഫണ്ടിന്റെ പാഴ്ചെലവിനു കാരണമായതു കൂടാതെ നിലവിലും ഗുണഭോക്താക്കൾക്ക് സേവനം ലഭ്യമാകാത്ത അവസ്ഥ സംജാതമാക്കി.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മറ്റു വകുപ്പുകളുടെ പ്രവർത്തനങ്ങൾ പരിഗണിക്കുന്നില്ല

പഞ്ചായത്ത് പരിധിയിലെ വിവിധ നിർമ്മാണങ്ങൾ/പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുമ്പോൾ അതേ ഭാഗത്ത് മറ്റു സ്ഥാപനങ്ങൾ/വകുപ്പുകൾ നടത്തുന്ന/ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ പരിഗണിക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ പാഴ്ചെലവിന് ഇടയായിട്ടുണ്ട്. ഇതിനുദാഹരണമാണ് പ്രോജക്റ്റ് നമ്പർ 123/22 കൈവേലി മുള്ളമ്പത്ത് റോഡ് സൈഡ് പ്രൊട്ടക്ഷൻ എന്ന പദ്ധതി. ഈ പദ്ധതിയിൽ 2,50,000/- രൂപ ചെലവഴിച്ച് റോഡിനിരുവശവും ഐറിഷ് ഡ്രൈൻ നിർമ്മാണമാണ് നടത്തിയത്. എന്നാൽ ഈ പ്രവൃത്തി നടത്തി ഒരു വർഷം ആകുന്നതിനു മുമ്പേ ഈ റോഡ് മലയോര ഹൈവേയായി ഉയർത്തി, നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലെത്തിയിരിക്കയാണ്. പഞ്ചായത്ത് നടത്തിയ നിർമ്മാണം നിലവിൽ പൂർണ്ണമായും പാഴ്ചെലവായി. ഹൈവേയുടെ നിർമ്മാണം സംബന്ധിച്ച് ആദ്യമേ അറിവുണ്ടാകുമെന്നിരിക്കെ മേൽ പ്രവൃത്തി നടത്തിയതെന്തിനെന്നത് വ്യക്തതയില്ല.

മേൽ വിവരിച്ച വിധമുള്ള അപാകതകളിലേയ്ക്ക് നയിച്ച സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പദ്ധതി രൂപീകരണത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും, സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്ത് ഫണ്ടിന്റെ വിനിയോഗം ജനങ്ങളുടെ സേവനത്തിന് പരമാവധി ഉപകാരപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഫണ്ടുകളുടെ പരിമിതി പദ്ധതി രൂപീകരണത്തിന് തടസ്സമാകുന്നുവെങ്കിൽ ബഹുവർഷ പദ്ധതികളുടെ സാധ്യത അവലംബിക്കാവുന്നതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-17 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക ഓഡിറ്റ് വർഷത്തിലും പഞ്ചായത്തിന് ലഭിക്കാതെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് പോയിട്ടുള്ളത്. 22-23 വർഷത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഇതിനായി ബാങ്ക് അക്കൗണ്ട് ആരംഭിച്ച് നടപ്പ വർഷത്തെ ടെണ്ടർ ഫീസുകൾ ലഭ്യമാകുന്ന സംവിധാനം ഒരുക്കിയിട്ടുണ്ടെങ്കിലും, ഇ-ടെണ്ടർ ആരംഭിച്ച 2015-16 വർഷം മുതൽ 2021-22 വർഷം വരെ ഈയിനത്തിലെ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് പോയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ പോർട്ടലിൽ നിന്നും

ലഭ്യമാക്കിയ രേഖകൾ പ്രകാരം വിവിധ വർഷങ്ങളിലായി ആകെ 4,07,427/-രൂപ ഈയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വർഷം തിരിച്ച വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2015-16 | 65610 |
| 2016-17 | 99607 |
| 2017-18 | -- |
| 2018-19 | 26080 |
| 2019-20 | 95604 |
| 2020-21 | 44236 |
| 2021-22 | 76290 |
| ആകെ | 4,07,427/- |

ഈ തുക ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 റിജക്റ്റഡ് മാലിന്യം കൈയ്യൊഴിയുന്നതിന് തുക വിനിയോഗിച്ചത് സംബന്ധിച്ച്

| ക്രമ നം | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | |
|---|---|---|---|---|
| 1 | പുനചംക്രമണയോഗ്യമല്ലാത്ത അജൈവ വസ്തുക്കൾ കയറ്റി അയയ്ക്കൽ-174/22 | 650000 | 620092 | വികസനഫണ്ട് |
| 2 | പുനചംക്രമണയോഗ്യമല്ലാത്ത അജൈവ വസ്തുക്കൾ കയറ്റി അയക്കൽ-185/22 | 552000 | 506775 | Cfc |
| ആകെ | | 1202000 | 1126867 | |

പുനചംക്രമണയോഗ്യമല്ലാത്ത അജൈവ വസ്തുക്കൾ കയറ്റി അയക്കുന്നതിനുള്ളതാണ് ഈ പ്രൊജക്റ്റുകൾ. സി.എഫ്.സി ഫണ്ട് മറ്റ് ഫണ്ടുകളുമായി സംയോജിപ്പിക്കാൻ സാധ്യമല്ലാത്തതിനാലാണ് രണ്ട് പ്രൊജക്റ്റുകൾ തയ്യാറാക്കിയതെന്ന് പ്രൊജക്റ്റിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതിയാണിത്.

റിജക്റ്റഡ് മാലിന്യം കൈയ്യൊഴിയുന്നതിന് മേൽ പ്രൊജക്റ്റുകൾ പ്രകാരം 1126867/-രൂപ

ഗ്രാമപഞ്ചായത്തിന് വിനിയോഗിക്കേണ്ടി വന്നത് ഹരിത കേരള മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ അംഗീകരിക്കാവുന്നതല്ല. മാലിന്യത്തിൽ നിന്നുള്ള വരവിൽ നിന്നു തന്നെയാണ് റിജക്റ്റ് മാലിന്യം കൈയ്യൊഴിയാനുള്ള ചെലവും വഹിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യക്തമാണ്. വി ജി എഫ്, വളരെ അപകടകരമായ മാലിന്യങ്ങൾ നീക്കുന്നതിനുള്ള ചെലവ്,പ്രതിമാസ ഫീസ് ഹരിത കർമ്മ സേനയ്ക്ക് നല്കാൻ ശേഷിയില്ലാത്ത അതിദരിദ്രർ, അഗതികൾ തുടങ്ങിയവരുടെ വരിസംഖ്യ , വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം എം.സി എഫി ലേക്ക് മാറ്റുന്നതിനുള്ള വാഹന ചെലവ്, ഹരിതകർമ്മസേനയ്ക്ക് യൂണിഫോം ഉൾപ്പടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കുക, MCF,MRF ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കി ആവശ്യമായ മെഷീനുകൾ സ്ഥാപിക്കുക എന്നീ കാര്യങ്ങൾക്ക് മാത്രമാണ് ഗ്രാമപഞ്ചായത്തിന് ചെലവ് വരേണ്ടത്. കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ മാർഗ്ഗരേഖകളിൽ പ്രതിപാദിക്കും വിധം ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്താൻ സ്ഥാപനത്തിന് കഴിയാത്തതാണ് ഈ ഇനത്തിൽ ചെലവിന് കാരണമായതെന്ന് കാണാം. മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്തമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ, പരിമിതമായ ഫീസ് ഈടാക്കിയാണ് റിജക്റ്റഡ് വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്വീകരിക്കുന്നതെന്ന് മേൽ ചെലവിൽ നിന്നും വ്യക്തമാകുന്നു. ഹരിതകർമ്മ സേന വീടുകൾ സന്ദർശിക്കുന്നതിനും വേർതിരിച്ച് സൂക്ഷിച്ച പുനചംക്രമണയോഗ്യമായ അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനുമാണ് പ്രതിമാസ വരിസംഖ്യ ഈടാക്കുന്നത്. റിജക്റ്റഡ് മാലിന്യത്തിന് അത് ശേഖരിക്കുന്നതിനും കൈയ്യൊഴിയുന്നതിനും ചെലവാകുന്ന തുക കണക്കാക്കി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അധികമായി വാങ്ങേണ്ടതുണ്ട്. അല്ലാത്തപക്ഷം ഇത് ഹരിതകർമ്മസേനയുടേയും ഗ്രാമ പഞ്ചായത്തിന്റേയും ബാധ്യതയായി തുടരുന്നതാണെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

1-19 ആട്ടുവളർത്തൽ പദ്ധതിക്ക് ബേങ്കിലേക്ക് കൈമാറിയ സബ്സിഡി തുക മുഴുവൻ വിതരണം ചെയതു എന്ന് ഉറപ്പു വരുത്തിയില്ല

ആട്ടു വളർത്തൽ പദ്ധതിക്കായി നിർവ്വഹണം നടത്തിയ പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| പ്രോജക്റ്റ് നം. | 81/22 |
| അടങ്കൽ | 2000000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 900000/- |
| ബിൽനം. തി. | 12/31.3.22 |

100 ഗുണഭോക്താക്കൾക്ക് രണ്ട് വീതം ആട്ടുകളെ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആടിനെ വാങ്ങിയത് ജില്ലാതല യൂണിറ്റ് കോസ്റ്റ് ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചല്ല. നം.41680/2017 /DPO/kkd/8.2.21 പ്രകാരമുള്ള ഉത്തരവിൽ ഒരു വയസ്സിന് താഴെയുള്ള ആട്ടുകൾക്ക് ശരീരഭാരം അനുസരിച്ച് കിലോഗ്രാമിന് 500 രൂപയും ഒരു വയസ്സിന് മുകളിലുള്ളവയ്ക്ക് 450 രൂപയുമാണ് വില

നിശ്ചയിച്ചിരിക്കുന്നത്. അൻപത് ശതമാനം നിരക്കിൽ പരമാവധി അനുവദിക്കാവുന്ന സബ്സിഡി പതിനായിരം രൂപയാണ്. എന്നാൽ ആടുകളുടെ പ്രായമോ, തൂക്കമോ പരിശോധിക്കാതെ പരമാവധി തുകയായ പതിനായിരം രൂപ എല്ലാ ഗുണഭോക്താക്കൾക്കും അനുവദിച്ചു.

2.തൊണ്ണൂറ് ഗുണഭോക്താക്കൾക്കാണ് പദ്ധതിയിൽ ആനുകൂല്യം നൽകിയത്. കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിൽ നിന്നും പതിനായിരം രൂപ വീതം ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചിട്ടുണ്ട്. സബ്സിഡി തുകയായ പതിനായിരം രൂപ ബാങ്കിലേക്ക് നൽകുകയാണുണ്ടായത്. ലോണും സബ്സിഡിയും ഉൾപ്പെടെ ഇരുപതിനായിരം രൂപ അനുവദിച്ചത് ഉപയോഗിച്ച് ഗുണഭോക്താക്കൾ രണ്ട് പെണ്ണാടുകളെ വീതം വാങ്ങിയിട്ടുണ്ട്. ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ മുഴുവൻ സബ്സിഡി തുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3.വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്ററിനറി സർജൻ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് അഞ്ച് പേരും ഉൾപ്പെട്ട കമ്മിറ്റിയായിരിക്കണം ആടുകളെ തെരഞ്ഞെടുക്കേണ്ടത്. എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി രൂപീകരിക്കാതെയാണ് ആടുകളെ വാങ്ങിയിരിക്കുന്നത്.

4. മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/22/9.3.23) മറുപടി നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 900000 തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 അങ്കണവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നെസ് ഉറപ്പുവരുത്തിയില്ല

ഗ്രാമപഞ്ചായത്തിൽ ആകെ 31 അങ്കണവാടികളാണുള്ളത്. ഇതിൽ 28 അങ്കണവാടികൾക്ക് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. ബാക്കിയുള്ളവ വാടക കെട്ടിടത്തിലും താല്ക്കാലിക ഷെഡ്ഡിലും മറ്റുമായാണ് പ്രവർത്തിക്കുന്നത്. 2021-22 പദ്ധതി വർഷം അങ്കണവാടികളുടെ കെട്ടിടം അസിസ്റ്റന്റ് എഞ്ചിനിയർ പരിശോധിച്ച് ഫിറ്റ്നെസ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/22/9.3.23) മറുപടി നൽകിയിട്ടില്ല. എല്ലാ അങ്കണവാടികൾക്കും അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 കൃഷി ഓഫീസിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - പ്രൈസ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

കൃഷി ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 160/22 |
| അടങ്കൽ | 150000/- |
| ഫണ്ട് | M.G (N.r) |

| | |
|---|---|
| ചെലവ് | 149922 |
| ബിൽനം. തി. | 951/22/22.3.22 |

കൃഷി ഓഫീസിലേക്ക് സ്റ്റീൽ അലമാര, മേശ, ഷെൽഫ്, കമ്പ്യൂട്ടർ ടേബിൾ, റിവോൾവിംഗ് ചെയർ, ഫൈബർ ആം ചെയർ എന്നീ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കാഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ടാണ് സാധനങ്ങൾ വാങ്ങിയത്. എന്നാൽ സാധനങ്ങൾ കാഡ്കോയുടെ ചെറുകിട വ്യവസായ യൂണിറ്റുകളിൽ നിർമ്മിച്ചവയാണെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, പ്രൈസ് ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തതായി കാണുന്നില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/22/9.3.23) മറുപടി നൽകിയിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ പദ്ധതിക്കായി ചെലവഴിച്ച 149922 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 ദുരന്ത നിവാരണ സേനയ്ക്ക് സാധനങ്ങൾ വാങ്ങൽ - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ദുരന്ത നിവാരണ സേനയ്ക്ക് വിവിധ ജീവൻ രക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്റ്റ് നം. | 35/22 |
| അടങ്കൽ | 130000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 100000/- |
| ബിൽനം. തി. | 105/30.3.22 |

ദുരന്ത നിവാരണ സേനയ്ക്ക് ലൈഫ് ജാക്കറ്റ്, ഗംബൂട്ട്, റെയിൻകോട്ട്, റസ്ക്യൂ ടെന്റ്, വുഡ് കട്ടിംഗ് മെഷീൻ, റസ്ക്യൂ റോപ്, സർച്ച് ലൈറ്റ്, ടോർച്ച് ലൈറ്റ് തുടങ്ങി 17 ഇനം സാധനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. സാധനങ്ങൾ വാങ്ങിയത് ടെണ്ടർ നടപടികളിലൂടെ ഹെഡ്കോ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ്. ടെണ്ടറിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. സാധനങ്ങൾ പഞ്ചായത്തിലെ മൂവബിൾ അസറ്റ് രജിസ്റ്ററിൽ ചേർക്കാതെയാണ് കൈമാറിയിരിക്കുന്നത്. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/22/9.3.23) മറുപടി നൽകിയിട്ടില്ല. സാധനങ്ങൾ രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 ബേങ്കുകളുടെ അനാസ്ഥ – സ്വയം തൊഴിൽ സംരംഭം ആരംഭിച്ച ഗ്രൂപ്പുകൾ പ്രതിസന്ധിയിൽ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ നന്ദനം വനിതാ റെഡീമെയ്ഡ് ഗാർമെന്റ്സ് ആന്റ് ടെയിലറിംഗ് യൂണിറ്റിന് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സബ്സിഡി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| പ്രോജക്ട് നം. | 54/22 |
| അടങ്കൽ | 400000/- |
| ഫണ്ട് | വികസനം. |
| ചെലവ് | 250000/- |
| ബിൽനം.തി. | 201/25.3.22 |

കേരള ഗ്രാമീണ ബാങ്ക് നരിപ്പറ്റ ശാഖയിൽ നിന്നാണ് അഞ്ച് പേരടങ്ങിയ ഗ്രൂപ്പ് ലോൺ എടുത്തിരിക്കുന്നത്. പ്രൊജക്ട് റിപ്പോർട്ട് പ്രകാരം ഗാർമെന്റ് മേക്കിംഗ് എന്ന പദ്ധതിക്ക് 347150/- രൂപയാണ് സംഘത്തിന് ലോൺ അനുവദിച്ചത്. ഇതിൽ രണ്ടര ലക്ഷം രൂപ ബേക്ക് എൻഡ് സബ്സിഡി ഇനത്തിൽ പഞ്ചായത്ത് അനുവദിച്ചതാണ്. ബാക്കിവരുന്ന 97150/- രൂപയാണ് ബേങ്ക് ലോണായി അനുവദിച്ചത്.

ലോക്ക് ഇൻ പിരീഡ് മൂന്ന് വർഷമായതിനാൽ ലോണിനത്തിലെ 97150/-രൂപ പലിശ ഉൾപ്പെടെ 36 മാസതവണകളായി തരിച്ചടയ്ക്കേണ്ടതാണ്. പദ്ധതിയുടെ പ്രൊജക്ട് റിപ്പോർട്ട് പ്രകാരം പരമാവധി പ്രതിമാസ തിരിച്ചടവായി കാണിച്ചിരിക്കുന്നത് 3180/- രൂപയാണ്, എന്നാൽ ലോൺ തിരിച്ചടവായി ബാങ്ക് നിർദ്ദേശിച്ചിരിക്കുന്നത് 13000/- രൂപയാണ്. നിലവിൽ ഈ തുകയാണ് ഗ്രൂപ്പ് ബാങ്കിൽ അടച്ചുവരുന്നത്. സബ്സിഡി ഉൾപ്പെടെയുള്ള തുകയ്ക്ക് തിരിച്ചടവ് കണക്കാക്കിയതിനാലാണ് ഇത്രയും തുക പ്രതിമാസ തവണയായി നിശ്ചയിച്ചതിന്റെ കാരണം. ഇങ്ങനെ മൂന്ന് വർഷം തിരിച്ചടയ്ക്കണമെന്ന് ബാങ്ക് നിർദ്ദേശിച്ചതായി ഗ്രൂപ്പ് ഭാരവാഹികൾ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ഗ്രൂപ്പിനെ സംബന്ധിച്ചിടത്തോളം ഇത് വലിയ തുകയാണ്. ഇതുമൂലം ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾക്ക് പണത്തിന്റെ ലഭ്യത കുറയുകയും, ഗ്രൂപ്പിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്യുന്നതായി ഭാരവാഹികൾ അറിയിക്കുകയുണ്ടായി. ഗ്രൂപ്പ് 28.02.23 വരെ 91000/- രൂപ തിരിച്ചടച്ചിട്ടുണ്ട്. ഗ്രൂപ്പ് പ്രവർത്തനം തുടങ്ങി 36 മാസം കൊണ്ട് തിരിച്ചടയ്ക്കേണ്ട ലോൺ തുക ഒരു വർഷത്തിനകം തന്നെ തിരിച്ചടവ് പൂർത്തിയാകുന്ന അവസ്ഥയാണുള്ളത്. വനിതാ ഗ്രൂപ്പുകളെ ശാക്തീകരിച്ച് അവരെ സ്വയം പര്യാപ്തതയിലേക്ക് നയിക്കേണ്ടതിന് പകരം അനാവശ്യ നിബന്ധനകൾ ഏർപ്പെടുത്തി ഗ്രൂപ്പുകളെ ബുദ്ധിമുട്ടിക്കുന്നത് ശരിയായ നടപടിയല്ല. ഇത് പരിഹരിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനോ, ഭരണസമിതിയോ ഇടപെട്ടതായി കാണുന്നില്ല. പദ്ധതികളുടെ മോണിറ്ററിംഗിന്റെ അഭാവമാണ് ഇത്തരം അപാകതകളിലേക്ക് നയിക്കുന്നത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/22/9.3.23) മറുപടി സമർപ്പിച്ചിട്ടില്ല. വനിതകളുടെ ഗ്രൂപ്പ് സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കേണ്ടതിന് പകരം അവരെ നിരുൽസാഹപ്പെടുത്തുന്ന സാഹചര്യം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-24 സ്ട്രീറ്റ് മെയിൻ മീറ്റർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തിയാക്കിയില്ല.**

പദ്ധതി വർഷം തെരുവ് വിളക്കിന് സ്ട്രീറ്റ് മെയിൻ മീറ്റർ സ്ഥാപിക്കുന്നത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രൊ.നം | 191/22 |
| അടങ്കൽ | 2781240 |
| ഫണ്ട് | Cfc |
| ചെലവ് | 2781240 |
| ബിൽനം/തി. | 12/22/22.3.22 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ മീറ്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി പരപ്പുപാറ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയർക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തിയാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് കെ.എസ്.ഇ.ബിക്ക് കത്തയക്കുകയോ മറ്റ് മേൽ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. പദ്ധതി പൂർത്തിയാകാത്തത് സംബന്ധിച്ച് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/22/ 9.3.23) മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തിയാക്കാൻ സത്വര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. പദ്ധതിയ്ക്ക് ചെലവഴിച്ച 27,81,240/-രൂപ തടസ്സപ്പെടുത്തുന്നു.

1-25 വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വാശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ വനിതകൾക്കായി നടപ്പാക്കിയിട്ടുണ്ട്.

| ക്രമനം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | പശുഗ്രാമം. വനിത | 156000 | 1530000 |
| 2 | മുട്ടക്കോഴി.വനിത | 935000 | 926200 |
| 3 | കറവപശു വനിത | 1990000 | 945000 |
| 4 | മുട്ടഗ്രാമം വനിത | 275000 | 200750 |

മേൽ സൂചിപ്പിച്ച പദ്ധതികൾ ജനറൽ പദ്ധതികളായി നടപ്പാക്കാവുന്നവയാണ്. മാർഗ്ഗരേഖ ഖ 6-3 (iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക

പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ പദ്ധതിയിൽ വനിതാ വിഹിതം ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/22/9.3.23) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കി അറിയിക്കേണ്ടതാണ്.

1-26 ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ

വാർഷിക കണക്ക് B-7 പ്രകാരം 2021-22 ൽ 825848/-രൂപയാണ് നീക്കിയിരിപ്പുള്ളത്. ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക കണക്ക് 2021-22 എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) B-7 പ്രകാരം Contractors Rention ഇനത്തിൽ 209394/-രൂപ ഡെപ്പോസിറ്റ് നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ Contractors Rention തുകകൾ കൂട്ടിയാൽ നീക്കിയിരിപ്പ് കിട്ടുന്നത് മുന്നിരിപ്പ് ഉൾപ്പെടെ 278499/-രൂപയാണ്.

2) B-7 പ്രകാരം Bidders EMD ഇനത്തിൽ 247562/-രൂപ ഡെപ്പോസിറ്റ് നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ Bidders EMD തുകകൾ കൂട്ടിയാൽ നീക്കിയിരിപ്പ് കിട്ടുന്നത് മുന്നിരിപ്പ് ഉൾപ്പെടെ 329460/-രൂപയാണ്.

3) എന്നാൽ ഡെപ്പോസിറ്റ് ഹെഡിൽ 2021-22 വർഷ ഓപ്പണിഗ് ബാലൻസ് ആയി കാണിച്ചിരിക്കുന്ന തുകകൾ ഏതൊക്കെ കാലയളവിൽ ആരിൽ നിന്നും ഏത് ആവശ്യത്തിലേയ്ക്കായി ഡെപ്പോസിറ്റ് സ്വീകരിച്ചതാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇതിനാൽ ഡെപ്പോസിറ്റ് കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ഇനം | ഇനം രേഖപ്പെടുത്താത്ത ഓപ്പണിംഗ് ബാലൻസ് |
|---|---|
| Contractors EMD | 279760 |
| Suppliers EMD | 10581 |
| Bidders EMD | 133106 |
| Bidders Security Deposit | 12357 |
| Contractors Retention | 194704 |
| Contractors Security Deposit | 12946 |

4) ഡെപ്പോസിറ്റുകൾ തിരിച്ച് നൽകുന്ന വൗച്ചർ നമ്പറും തീയതിയും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

5) ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 11/2020 ൽ ഡെപ്പോസിറ്റ് ചെയ്ത തുക നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

6) 2021-22 ൽ ഓപ്പണിംഗ് ബാലൻസ് ആയി കാണിച്ച തുകകൾ ഏതൊക്കെ കാലയളവിലെ ഡെപ്പോസിറ്റുകളാണ് എന്ന് രേഖപ്പെടുത്താത്തതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തവയുടെ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-27 മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്ന എന്ന് ഉറപ്പ് വരുത്തുന്നില്ല.

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരം ചെയ്യേണ്ട പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യുന്നില്ല. ഇത് അനർഹമായി പെൻഷൻ മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പോവുന്നതിന് ഇടയാക്കുന്നു. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അധികമായി നൽകുന്ന പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാവർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാവർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. കൂടാതെ പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യുന്ന എല്ലാവരെയും പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ കണക്ക് പ്രകാരം പഞ്ചായത്തിൽ നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവർ ആകെ 3535 പേരാണ് ഉള്ളത്. ഇതിൽ സർക്കർ ഉത്തരവ് പ്രകാരം ഓഡിറ്റ് കാലയളവ് വരെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർ 159 പേരാണ്. സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സർക്കാർ അനുവഗിക്കുന്ന കാലയളവ് കഴിഞ്ഞും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടെ മുഴുവൻ വിവരങ്ങളും പരിശോധിച്ച് മരണപ്പെട്ടവരുണ്ടെങ്കിൽ മരണപ്പെട്ട കാലയളവ് മുതൽ പെൻഷൻ അനുവദിച്ച അവസാന കാലയളവ് വരെയുള്ളതിൽ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക പരിശോധിച്ച് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 09.10.2023, 10.6.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | സാന്ത്വന പരിചരണം | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 549900 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 549900 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | ദുരന്ത നിവാരണ സേനയ്ക്ക് ജീവൻ രക്ഷാ ഉപകരണ ങ്ങൾ വാങ്ങൽ | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 62346 | വായാട് അങ്കണവാടി കെട്ടിട നിർമ്മാണം | 62346 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 335000 | കോളിയാട്ട് പൊയിൽ ഏച്ചിൽക്കണ്ടി നീലിയങ്കാട്ട്താഴ പാലം | 335000 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 80334 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 80334 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 143874 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 143874 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 90520 | കാലിത്തീറ്റ സബ്സിഡി | 90520 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 765000 | പശുഗ്രാമം വനിതകൾക്ക് | 765000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1170000 | കറവപ്പശു വിതരണം വനിതകൾക്ക് | 1170000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018.ത.സ്വ.ഭ.വ തീയതി- 18/08/2018 | - | 22354666 | 18662666 | -- | 20492000 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2376200 |
| തൻവർഷം നിക്ഷേപിച്ച തുക | 201978 |
| ആകെ | 2578178 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2578178 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | തുക |
|---|---|---|
| 1 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ്, കക്കട്ടിൽ<br>(FD Receipt No- 109060003253) | 1289089 |
| 2 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ്, കക്കട്ടിൽ<br>(FD Receipt No- 109060003254) | 1289089 |
| ആകെ | | 2578178 |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2003-04 (മറ്റ് പരാമർശം) | 11.14 | പൂർത്തീക രിക്കാത്ത ജലസേചന | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | പദ്ധതി | |
| 2001-02 | | 2003-04 (മറ്റ് പരാമർശം) | 11.14 | കല്ലുമ്മൽ-പാറേന്റ മീത്തൽ റോഡ് | തുടരുന്നു |
| 1998-99 | 1 | 2004-05 (പൊതു പരാമർശം) | 11.1.2.1 | ബജറ്റിന്റെ കോപ്പി, മിനട്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല | തുടരുന്നു |
| 1999-2000 | | 2004-05 (പൊതു പരാമർശം) | 11.1.3.49 | നികുതി പിരിവിൽ അലംഭാവം | തുടരുന്നു |
| 2015-16 | 2-1 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 9(1) | ശ്രീ.ഐ നാരായണൻ | എൽ. എഫ്. / 14146/ | 295 | | - | - | - | | 295 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | SP Cell. Sc4/ 2000/ 20.10.01 | | | | | | | | | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98559584 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 86688759 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1149922 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 100000 | ഡോ.നിധിൻ ദേവ്, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-19 | 900000 | ഡോ. വി.കെ ആലിക്കുട്ടി (വെറ്ററിനറി സർജൻ) |
| 1-21 | 149922 | അമിത ഗോപാൽ, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഡോ.നിധിൻ ദേവ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ(ഹോമിയോ), വെള്ളാംകല്ലൂർ,തൃശ്ശൂർ | കൃഷ്ണ വിഹാർ, പട്ടങ്ങർ കുളങ്ങര, കരുനാഗപ്പള്ളി, കൊല്ലം,690518 |
| ഡോ. വി.കെ ആലിക്കുട്ടി (വെറ്ററിനറി സർജൻ) | (വെറ്ററിനറി സർജൻ), നരിപ്പറ്റ ഗ്രാമ പഞ്ചായത്ത് | നീലാമ്പരി, കാവിൽ (പോസ്റ്റ്), നടുവണ്ണൂർ, 673614 |
| അമിത ഗോപാൽ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ജില്ലാ കൃഷിത്തോട്ടം , കൂത്താളി | ഉപാസന,ചെറുവണ്ണൂർ, മേപ്പയ്യൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡി കകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി6/ 1689(8)/2011 തീ-18.6.01 | 1 | 16 |
| 1996-97 ഡി.സി.ബി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(1) തി-10.07.2020 | 3 | വരവ്-ഖ-28, ചെലവ്- ഖ-17,18 |
| 1996-97 പദ്ധതി | എൽ.എഫ്.കെ.കെ.ഡി.പി6/ 833(5)/2010/ തി-11.2.2011 | 7 | 5,6,9(1), 9(2), 10,15,19 |

| | | | |
|---|---|---|---|
| 1997-98 പദ്ധതി | കെ.എസ്.എ.കെ.കെ.ഡി.പി3/ 1048/19(2)തീ-10.07.2020 | 3 | 18,21,24 |
| 1998-99 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.പി6/ 1689(12)/2011 തീഃ6-12-2011 | 5 | 1എ,8,21,22, 24ബി |
| 1998-99 പദ്ധതി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(3) തി.26.08.2020 | 6 | 22,23,25,26, 28, 29 |
| 1999-00 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി പി6/ 1689/ 2011തീഃ8-12-2011 | 4 | 1സി,21, 22(1), 22(2) |
| 1999-00 പദ്ധതി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(4) തി.26.08.2020 | 4 | 8,9,16,17 |
| 2000-01 വരവ് - ചെലവ് | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(17)/2011 തീഃ 8-12-2011 | 10 | 2-1,2-3,3-1, 3-2,3-3,3-4,3-5, 3-6,3-7,3-8 |
| 2000-01 പദ്ധതി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(5-ബി) തി.25.08.2020 | 5 | 3,4(2),5,11,12 |
| 2001-02 ഡി.സി.ബി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(5-എ) തി.25.08.2020 | 2 | 2-1,2-2 |
| 2001-02 പദ്ധതി | എൽ.എഫ്.കെ.കെ.ഡി/പി3/ 1048/19(58)/11/ തീഃ25-08-2020 | 7 | 3,, 4(2), 5,11,12 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(6) തി-25.08.2020 | 5 | 2-2,2-4,3-3, 3-4,3-7 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(7) തി.25.08.2020 | 3 | 3-5,3-6,3-8 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.എസ്1/619/ 2009(3) തി.02.09.2009 | 13 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി6/1820/ 2011/തീഃ4-1-2012 | 21 | 2-1(1), 2-1(2), 2-2, 2-3,2-4,2-5, 3-1,3-2,3-3,3-4, 3-5,3-6,3-7, 3-8, 3-9,3-10, 3-11, 3-12, 3-13(1,2), 3-14, 4-1 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി6/642/ 10/തീഃ28-10-2010 | 13 | 2-4,2-5,2-6, 2-7,3-1,3-2,3-4, 3-5,3-6,3-8,3-9, 3-14,3-15,3-16 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി6/455/11/ തീഃ5-02-2011 | 23 | 1-3,2-1,2-3,2-6, 2-7(1),3-1,3-2,3-4, 3-5,3-6,3-7,3-8, 3-9,3-10,3-11,3-12, |

| | | | |
|---|---|---|---|
| | | | 3-13,3-14,<br>3-16(എ),3-16(ബി),<br>3-17,4-2,<br>4-6(ബി) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി6/1648/<br>2012/തി-02-04-2013 | 18 | 2-1,2-2,3-1,3-2,<br>3-3,3-4,3-5,<br>3-6,3-7,<br>3-9,3-11,3-12,<br>3-13,3-15,3-16,<br>3-17, 4-6 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി6/815/<br>2013/തി-17-07-2013 | 10 | 2-1(11), 2-5,3-1,3-2,<br>3-5,3-6,3-7, 3-8,<br>3-9,3-10,3-11,4-2 |
| 2010-11<br>&11-12 | കെ.എസ്.എ/കെ.കെ.ഡി/<br>പി6/1600/2014 തി-12.11.2014 | 19 | 1-5, 1-6, 1-7, 1-8,<br>2-1, 3-3, 3-4,<br>3-5,3-7, 3-8,<br>3-9,3-10,3-11, 3-12,<br>3-13,3-16,<br>3-17,3-18, 4-1 |
| 2012-13,<br>2013-14 | കെ.എസ്.എ/കെ.കെ.ഡി/ പി9/<br>1007/2017 തി-12.10.2017 | 24 | 2-2,2-3,3-1,3-2,<br>3-3,3-4,3-5,3-6,<br>3-7,3-8, 3-9,<br>3-10,3-11,<br>3-12, 3-13,3-14,<br>3-15,3-16, 3-17,<br>3-18,3-19, 3-20,<br>3-21,3-22, 4-8B |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി9/<br>1739/16 തി-25.03.2017 | 18 | 2-2,3-1,3-4(1),3-4(2)<br>3-5,3-7,3-8(1,2,3,4)<br>3-10,3-11,3-12,<br>3-13,3-14,3-15,<br>3-17,3-19 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/ പി9/<br>960/ 2017/12-06-2017 | 10 | 2-1,2-2,2-3,3-1,<br>3-2,3-3(1,2)4-3,<br>4-4,4-6 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി17/<br>866/ 2018/12-06-2018 | 8 | 2-1,2-4,2-5, 3-1(1),<br>3-1(2), 3-2, 3-8,<br>3-10, 3-13 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി17/<br>1207/ 2019/05.05.2020 | 20 | 1-12(1-2), 2-2,<br>2-3(3), (4), 2-4,<br>2-5, 3-1,3-3,3-6,<br>3-7, 3-8, 3-9, |

| | | | |
|---|---|---|---|
| | | | 3-10, 3-13, 3-14, 3-16, 3-17, 3-18 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി3/1212/ 2020 തി-14.01.2021 | 28 | 1-4(7),1-5(1), 1-5(2),1-5(3), 1-5(4),1-5(5), 1-5(6),1-6(1,3), 1-7,1-8,1-9,1-10, 1-13,1-16,1-17, 1-18,1-19,1-20,1-22, 1-23,1-24, 1-27(2),1-27(3), 1-29,1-30, 4-10,4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1822/ 2022 തി-03.12.2022 | 26 | 1-1,1-3(1), 1-3(3), 1-3(4), 1-3(5), 1-3(7), 1-3(8), 1-4,1-5(ബി), 1-5(ഡി),1-6(1), 1-6(2),1-8, 1-10,1-11,1-13, 1-14, 1-15(2), 1-15(3), 1-16, 1-17,1-18,1-20, 1-21,1-24,1-25 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി3/1003/ 2022 തി-21.06.2022 | 28 | 1-1 To 1-28 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്